സഹകരണ മേഖലയിലെ നിക്ഷേപ സുരക്ഷ

81 (4663) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നിക്ഷേപങ്ങൾക്ക് സുരക്ഷ നൽകുന്നതിനുള്ള കർമ്മ പരിപാടികൾ നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദ്യോശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ആരെല്ലാമാണ് സഹകരിച്ചതെന്ന് വിശദമാക്കാമോ ;

(ഡി) ഇതുമുഖേന സഹകരണ മേഖലയ്ക്ക് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സഹകരണ മേഖലയിൽ നിക്ഷേപങ്ങൾക്ക് സുരക്ഷ നൽകുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012 ഈ സർക്കാരിന്റെ കാലത്ത് ആവിഷ്കരിക്കുകയും പ്രസ്തുത സ്കീം നടപ്പാക്കുന്നതിനായി കേരള സഹകരണ നക്ഷേപ ഗ്യാരന്റിഫണ്ട് ബോർഡ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുകയാണ് നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ ലക്ഷ്യം. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽവരുന്ന നിക്ഷേപം സ്വീകരിക്കുന്നതുമായ എല്ലാ സഹകരണ സംഘങ്ങളിലും ഒരു നിക്ഷേപകൻ നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾക്ക് പരമാവധി ഒന്നര ലക്ഷം രൂപ വരെ ഗ്യാരന്റി നൽകുന്നതിനായി നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പിലാക്കുക എന്നതാണ് നിക്ഷേപ ഗ്യാരന്റി ബോർഡിന്റെ പ്രവർത്തനത്തിലൂടെ ഉദ്ദേശിക്കുന്നത്. വായ്പാ സംഘങ്ങളിലെ നിക്ഷേപകരുടെ നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുക, അതുവഴി നിക്ഷേപകർക്ക് സംഘങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുക, കൂടുതൽ നിക്ഷേപകരെ ആകർഷിക്കുക തുടങ്ങിയവയാണ് ബോർഡിന്റെ മുഖ്യലക്ഷ്യങ്ങൾ.

(സി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ തുടങ്ങി ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ

LIBRARY ARCHIVES Kerala Legislative Assembly

വരാത്തതും നിക്ഷേപം സ്വീകരിക്കുന്നതും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്നതുമായ എല്ലാ സഹകരണ സംഘങ്ങൾക്കുമാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം ബാധകമായിട്ടുള്ളത്. സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിൽ 2250 സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി സഹകരണ സംഘം രജിസ്ട്രാർ വിജ്ഞാപനം പുറപ്പെടുവിച്ചതിൽ നാളിയുവരെ 1773 സംഘങ്ങൾ സ്കീമുമായി സഹകരിച്ചിട്ടുണ്ട്.

(ഡി) സഹകരണ മേഖലയിലെ നിക്ഷേപകരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനും കൂടുതൽ വിശ്വാസം ആർജ്ജിക്കുന്നതിനും ഈ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും നിക്ഷേപ സമാഹരണത്തിൽ സഹകരണ മേഖലയ്ക്ക് ഉണ്ടായ നേട്ടങ്ങൾ സ്ഥായിയായി നിലനിർത്തുന്നതിനും കഴിഞ്ഞിട്ടുണ്ട് എന്നതാണ് ഇതിലൂടെ കൈവരിച്ചിട്ടുള്ള പ്രധാന നേട്ടങ്ങൾ.

സഹകരണ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ

82 (4664) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ എന്ന് മുതൽ പ്രാബല്യത്തിൽ വന്നതാണ് ;

(ബി) പ്രസ്തുത പാറ്റേൺ നിലവിൽവന്ന കാലത്ത് സഹകരണ വകുപ്പിൽ കീഴിലുള്ള സഹകരണ സ്ഥാപനങ്ങൾ എത്രയായിരുന്നു ; ഇപ്പോൾ നിലവിലുള്ളത് എത്ര ;

(സി) ഈ സർക്കാരിന്റെകാലത്ത് എത്ര വെൽഫെയർ സൊസൈറ്റികൾ പുതുതായി ആരംഭിച്ചിട്ടുണ്ട് ; ജില്ലതിരിച്ച് വ്യക്തമാക്കാമോ ;

(ഡി) സഹകരണ വകുപ്പിലെ ജോലി വ്യാപ്തി അനുസരിച്ച് മതിയായ ജീവനക്കാർ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സ്റ്റാഫ് പാറ്റേൺ പുതുക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 1981-ൽ

(ബി) 31-3-1981 - 2218

31-3-2015 - 14896

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly